# ആയുരാരോഗ്യം

## വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട്



## ആസ്ത്മ

*എനിക്ക് 28 വയസ്സ്, 2 വർഷത്തോളമായി ഇടക്കിടക്ക് ശ്വാസം മുട്ടലുണ്ട്. തണുപ്പുകാലത്തും, പൊടിയുള്ള കാലത്തും കാലത്തും ഇതു കൂടം. ആസ്ത്മയ്ക്കുള്ള മരുന്ന് എന്താണ്. ആസ്മ പൂർണ്ണമായി മാറില്ല എന്ന് കേൾക്കുന്നത് ശരിയാണോ.*

ഇ. കെ. വിജയൻ, വടക്കുംചേരി, പാലക്കാട്

ആസ്ത്മ മാറാത്ത രോഗമല്ല. തുടക്കത്തിലേത്തന്നെ ചികിത്സിച്ചാൽ പൂർണ്ണമായും വിട്ടുമാറും. ചികിത്സ നിശ്ചയിക്കേണ്ടത് നേരിട്ടു കണ്ടിട്ടാണ്. എങ്കിലും ചെറിയൊരു ചികിത്സ പറയുന്നു. മുളയില, തുളസിയില, കരിനെച്ചിയില, കൂവളത്തില ഇവ 15 ഗ്രാം വീതം, ചുക്ക് 5 ഗ്രാം അരിഞ്ഞ് 200 മില്ലി വെള്ളത്തിൽ തിളപ്പിച്ച് 100 മില്ലിയാക്കി 75 മില്ലി അരിച്ചെടുത്ത് കുറച്ച് കൽക്കണ്ടം ചേർത്ത് കാലത്തും വൈകീട്ടും സേവിക്കുക. ചുക്കും മല്ലിയും തിളപ്പിച്ച വെള്ളം കുടിക്കുക. പാൽ, തൈര്, മുട്ട, മാംസം എന്നിവ കഴിക്കരുത്.

## പുസ്തകങ്ങൾ

*ലളിതമായി രചിക്കപ്പെട്ടിട്ടുള്ള എളുപ്പത്തിൽ പ്രയോഗിക്കാവുന്ന പ്രകൃതി ചികിത്സാ നാട്ടുചികിത്സാ രീതികൾ പരിചയപ്പെടുത്തുന്ന ഗ്രന്ഥങ്ങൾ ഉണ്ടോ. ഉണ്ടെങ്കിൽ അത്തരം പുസ്തകങ്ങളുടെ പേരുകൾ അറിയിക്കാമോ?*

ഏലിയാമ്മ വർഗ്ഗീസ്, തൊട്ടിക്കാടൻ, കോട്ടയം - 11

നല്ല പ്രസിദ്ധീകരണ ശാലക്കാരുടെ കാറ്റലോഗുകൾ പരിശോധിക്കുക. അത്തരം വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന പുസ്തകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ കഴിയും.